THE KCS NEWS

www.kcschicago.com www.facebook.com/ChicagoKCS

KNANAYA CATHOLIC SOCIETY OF CHICAGO

PATRON: ARCH BISHOP RT. REV. DR. MATHEW MOOLAKATT
SPIRITUAL DIRECTOR : REV. FR. ABRAHAM MUTHOLATH

PRESIDENT : BINU POOTHURAIL
SECRETARY : JOHNYKKUTTY PILLAVEETTIL
NEWS EDITOR : CYRIL KATTAPPURAM

"ഉണരണം കെ.സി.എസ് നിറയണം മനസുകളിൽ"

VOL. 1 ISSUE 5
2017 DECEMBER

കെ.സി.എസ് മൈലാഞ്ചിയിടീൽ മത്സരവും ക്രിസ്തുമസ്സ് ന്യൂ ഇയർ ആഘോഷവും സിസംബർ 30 ശനിയാഴ്ച

ചിക്കാഗോ: ചിക്കാഗോ കെ. സി. എസിന്റെ ആഭിമുഖ്യത്തിൽ ക്നാനായ ആചാരങ്ങൾക്ക് ഏറെ പ്രാധാന്യം നൽകികൊണ്ട് ഏവർക്കും പങ്കെടുക്കാവുന്ന മൈലാഞ്ചയിടീൽ മത്സരവും ക്രിസ്തുമസ് ന്യൂ ഇയർ ആഘോഷവും സിഡംബർ 30 ശനിയാഴ്ച വൈകുന്നേരം 7 മണിക്ക് ക്നാനായ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. വിവാഹത്തലേന്ന് വധുവിന്റെ വീട്ടിൽ നടക്കുന്ന മൈലാഞ്ചിയിടീൽ ചടങ്ങ് വ്യക്തമായും ഒട്ടും മൂല്യം നഷ്ടപ്പെടാതെയും ആവിഷ്കരിക്കുക എന്നതാണ് ഈ മത്സരം കൊണ്ട് ഉദ്ദേശിക്കുന്നത്. കൊച്ചുകുട്ടികൾ മുതൽ പ്രായമായ അപ്പച്ചന്മാർക്കും അമ്മച്ചിമാർക്കും വരെ ഈ മത്സരത്തിന്റെ ഭാഗമാകാൻ സാധിക്കും എന്നതാണ് ഈ മത്സരത്തിന്റെ പ്രത്യേകത. ഒരു ടീമിന് 10 മിനിറ്റ് സമയമാണ് അനുവദിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് കെ. സി. എസ്. ഭാരവാഹികളുമായി ബന്ധപ്പെടാവുന്നതാണ്.

ചിക്കാഗോ ക്നാനായ സെന്റർ ഇനി നമുക്ക് സ്വന്തം

(വാർത്ത പേജ് 6 ൽ)

EXECUTIVE BOARD

PRESIDENT
BINU POOTHURAIL
847-644-9869
VICE PRESIDENT
SAJU KANNAMPALLY
847-791-1824
SECRETARY
JOHNIKUTTY PILLAVEETTIL
847-924-3493
JOINT SECRETARY
DIBIN VILANGUKALLEL
224-565-5663
TRESURER
SHIBU MULAYANIKUNNEL
630-849-1253

LEGISLATIVE BOARD
Sajan Pachilamakil (Chairman)
Mathew Thattamattom (Vice Chairman)

FINANCE COMMITTEE
Baiju Kunnel (Chairman)
Thomas Poothakary
Gino Kakkattil
Saji Thekkumkattil

OUTDOOR COMMITTE
Jojo Alappat (Chairman)
Tomy Edathil
Kunjumon Thathamkulam
Monachen Pullazhiyil
Unny Thevarmattathil
Pradeep Muringothu

ENTERTAINMENT COMMITTEE
Joby Oliyil (Chairman)
Saji Malithuruthel
Denny Pullapally

NEWS LETTER
Cyril Kattapuram (Chairman)
Jimmy Kaniyaly
Mathew Edukutharayil

MEMBERSHIP
Dileep Madhavapallil (Chairman)
Jojo Edakara
Tibu Mailadumparayil

PILGRIMAGE
Alex Mullapallil (Chairman)
Sanju Pulickathottiyil
Maju Ottapally

LIAISON BOARD
Jose Simon Mundaplackal (Chairman)
Polson Kulangara (Vice Chairman)
Chacko Mattathiparambil
Jomon Chakariyamthadathil
Jomon Thodukayil

BUILDING BOARD
Peter Kulangara
Jose Manakatt

NATIONAL COUNCIL MEMBERS
Meyamma Vettikattu (Women Rep)
Abin Kulathikarottu (Youth Rep)
Jaimon Nanthikattu
Binu Kaithakkathottiyil
Thomas Manthuruthil
Joy Nellamattom
Thomas Appozhiparambil

AUDITOR
Kurian Thottichirayil, CPA

President's message



സമാധാനത്തിന്റെയും, സാഹോദര്യത്തിന്റെയും സന്തോഷത്തിന്റെയും സദ്‌വാർത്തയുമായി ലോകത്തിലേക്ക് സമാഗതനായ ഉണ്ണിയേശുവിന്റെ തിരുപിറവിതിരുനാൾ ആഘോഷിക്കുന്ന ഈ ക്രിസ്തുമസ് ദിനങ്ങളിൽ ചിക്കാഗോയിലെ നല്ലവരായ മുഴുവൻ ക്നാനായ മക്കൾക്കും ചിക്കാഗോ കെ.സിഎസിന്റെ പേരിലുള്ള ക്രിസ്തുമസ് ആശംസകൾ ആദ്യമായി നേർന്നകൊള്ളട്ടെ. 2017 ൽ ദൈവം നമുക്ക് കനിഞ്ഞുനൽകിയ ഓരോ അനുഗ്രഹങ്ങൾക്കും നന്ദിപറയുകയും പ്രത്യാശയുടെ പൊൻകിരണങ്ങൾ പൂവിതറി ആഗതമായിരിക്കുന്ന പുതുവർഷം ഏവർക്കും സമ്പൽസമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും നല്ല നാളുകൾ പ്രദാനം ചെയ്യട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് പുതുവത്സരത്തിന്റെ മംഗളാശംസകൾ ഏവർക്കും നേർന്നുകൊള്ളുന്നു.

ചിക്കാഗോ ക്നാനായ സമുദയത്തെ സംബന്ധിച്ചിടത്തോളം ഈ വർഷം വർണ്ണവൈവിധ്യമാർന്ന പരിപാടികൾകൊണ്ടും സാഹോദര്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും സംഗമവേദിയായി മാറിയ അനേകം പ്രോഗ്രാമുകൾകൊണ്ടും സമൃദ്ധമായിരുന്നു. ക്നാനായ തനിമയും പാരമ്പര്യങ്ങളും ഉദ്ഘോഷിക്കുന്ന നമ്മുടെ പരിപാടികളിൽ പങ്കെടുക്കാൻ നിങ്ങൾ കാണിച്ച ഉത്സാഹത്തിനും, പങ്കാളിത്തത്തിനും ഞങ്ങൾക്ക് നൽകിയ പ്രോത്സാഹനങ്ങൾക്കും ഞാൻ നിങ്ങളേവരോടും ഒരിക്കൽക്കൂടി നന്ദി പറയട്ടെ.

ചിക്കാഗോയിലെ മുഴുവൻ ക്നാനായക്കാരുടെയും ചിരകാലാഭിലാഷമായിരുന്ന ക്നാനായ സെന്റർ എന്ന നമ്മുടെ സ്വപ്നം സാക്ഷാത്ക്കരിക്കുവാൻ സാധിച്ചതിൽ സർവ്വശക്തനായ നമ്മുടെ ദൈവത്തോട് നന്ദി പറയുകയും ഇതിനോട് സഹകരിച്ച മുഴുവൻ ആളുകളോടും ഒരിക്കൽക്കൂടി നന്ദി പറയുവാനും ഞാൻ ആഗ്രഹിക്കുകയാണ്. പുതിയ ക്നാനായ സെന്റർ എന്ന സ്വപ്നം പൂവണിഞ്ഞതിന് ചിക്കാഗോയിലെ ഓരോ ക്നാനായക്കാരനും അഭിമാനിക്കാവുന്നതാണ്. ഈ ക്നാനായ സെന്ററിനായുള്ള ധനസമാഹരണത്തിൽ അകമഴിഞ്ഞ് സഹകരിച്ച ചിക്കാഗോയിലെ ക്നാനായ മക്കളുടെ സമീപനത്തൽനിന്നുതന്നെ നമുക്കേവർക്കും മനസ്സിലാക്കാം. കെ.സി.എസ്. എന്ന സംഘടനയെ ചിക്കാഗോയിലെ ക്നാനായ സമുദായം എത്രയധികം സ്നേഹിക്കുകയും താലോലിക്കുകയും ചെയ്യുന്നു എന്നുള്ളത്. ഈ വരുന്ന ഡിസംബർ 30-ാം തീയതി ശനിയാഴ്ച വൈകുന്നേരം പുതിയ ക്നാനായ സെന്ററിൽ വച്ച് നടക്കുന്ന ക്രിസ്തുമസ്- ന്യൂ ഇയർ ആഘോഷങ്ങളിലേക്ക് നിങ്ങളേവരെയും ഞാൻ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു. നമ്മുടെ സാഹോദര്യവും കൂട്ടായ്മയും ഊട്ടിവളർത്തുവാൻ ഉതകുന്ന ഈ പരിപാടകളിൽ നിങ്ങളേവരുടെയും സാന്നിദ്ധ്യവും ഞാൻ പ്രതീക്ഷിക്കുകയാണ്.

വരുന്ന നാളുകളിൽ നമ്മുടെ സമുദായത്തിനും സമൂഹത്തിനും ഉതകുന്ന വിവിധ പരിപാടികളാണ് ഈ ഭരണസമിതി ആസൂത്രണം ചെയ്യുന്നത്. അതോടൊപ്പം കെ.സി.സി.എൻ.എ.യുടെ 13-ാമത് കൺവൻഷൻ അറ്റ്ലാന്റയിൽ നടക്കുന്ന വിവരം ഇതിനോടകം നിങ്ങളേവരും അറിഞ്ഞിരിക്കുമല്ലോ. വടക്കേ അമേരിക്കയിലെ ക്നാനായ സമൂഹത്തിന്റെ പ്രയാണത്തിൽ കൺവൻഷനുകൾ നൽകുന്ന പ്രചോദനം വളരെ വലുതമാണ്. ചിക്കാഗോയിലെ ക്നാനായ മക്കൾ എന്നും ക്നാനായ കൺവൻഷനുകളിൽ സജീവസാന്നിദ്ധ്യമായി കൺവൻഷനുകൾ വിജയിപ്പിക്കുന്നതിൽ എന്നും നേതൃത്വം നൽകുന്നവരാണ്. അതുകൊണ്ടുതന്നെ ഈ കൺവൻഷനും മുൻകൂട്ടി രജിസ്റ്റർ ചെയ്ത് നമ്മുടെ സജീവ സാന്നിദ്ധ്യം അറ്റ്ലാന്റാ കൺവൻഷനിൽ ഉണ്ടാകുവാൻ എല്ലാ സഹകരണവും ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു.

ആഗതമായിരിക്കുന്ന ക്രിസ്തുമസിന്റെയും പുതുവർഷത്തിന്റെയും മംഗളാശംസകൾ ഒരിക്കൽക്കൂടി നേർന്നുകൊണ്ട് നിർത്തുന്നു.

സ്നേഹത്തോടെ
നിങ്ങളുടെ പ്രസിഡന്റ്
ബിനു പൂത്തുറ

കെ. സി. എസ് ക്നാനായ സെന്റർ
മാർ.മൂലക്കാട്ടു പിതാവ് വെഞ്ചരിച്ചു ഉദ്ഘാടനം ചെയ്തു

ചിക്കാഗോ: ചിക്കാഗോ കെ. സി. എസ് സ്വന്തമാക്കിയ ലോക ക്നാനായ സമുദായത്തിന് മാതൃകയായ പുതിയ ക്നാനായ സെന്റർ കോട്ടയം അതിരൂപതാ മെത്രാപ്പോലിത്താ വെഞ്ചരിച്ച് ഉദ്ഘാടനം നിർവഹിച്ചപ്പോൾ അക്ഷരാർത്ഥത്തിൽ ക്നാനായ ജനത ചിക്കാഗോയിൽ അഭിമാനപൂരിതരായി. ഞായറാഴ്ച വൈകുന്നേരം 7.30 ന് ചെണ്ടമേളങ്ങളുടേയും മുത്തുകുടകളുടേയും അകമ്പടിയോടുകൂടി ബിനു പൂത്തുറയിൽ ബൊക്കെ നൽകി മൂലക്കാട്ട് പിതാവിനെ സ്വീകരിച്ചു. ഫാ. തോമസ് മുളവനാൽ, ഫാ. എബ്രഹാം മുതോലത്ത്, ഫാ. ബോബൻ വട്ടംപുറം എന്നിവരുടെ സാന്നിധ്യത്തിൽ അഭി. മാത്യു മൂലക്കാട്ട് പിതാവ് ക്നാനായ സെന്റർ വെഞ്ചരിച്ചു. പിന്നീട് കെ. സി. എസ് പ്രസിഡന്റ് ബിനു പൂത്തുറയുടെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ അഭി. മാത്യു മൂലക്കാട്ട് പിതാവ് ക്നനായ സെന്റർ ഔപചാരികമായി ഉദ്ഘാടനം ചെയ്തു. ഫാ. എബ്രഹാം മുത്തോലത്ത് ആമുഖ പ്രഭാഷണവും ഫാ. തോമസ് മുളവനാൽ, മേയമ്മ വെട്ടിക്കാട്ട് എന്നിവർ ആശംസകൾ അർപ്പിച്ചു. സാജു കണ്ണമ്പള്ളി സ്വാഗതവും ഷിബു മുളയാനിക്കുന്നേൽ നന്ദിയും അർപ്പിച്ചു. ജോണികുട്ടി പിള്ളവീട്ടിൽ, സിറിയക് കൂവക്കാട്ടിൽ എന്നിവർ പ്രസംഗിച്ചു. തിങ്ങിനിറഞ്ഞ ജനസാഗരത്തെ സാക്ഷിയാക്കി അഭി. മാത്യു മൂലക്കാട്ട് പിതാവ് ക്നാനായ സെന്റർ ഉദ്ഘാടനം ചെയ്തപ്പോൾ ക്നാനായ സമുദായത്തിന്റെ തനിമയും ഒരുമയും ഒരിക്കൽ കൂടി ഊട്ടിയുറപ്പിക്കുന്ന തരത്തിൽ കരഘോഷത്തോടെ ക്നാനായജനത ക്നാനായ സെന്ററിനെ നെഞ്ചിലേറ്റി. ഉയർന്ന തുകൾ സംഭാവനയായി നൽക്കിയ ജോയി നെടിയകാല, സിറിയക് കൂവക്കാട്ടിൽ, സൈബു പതിയിൽ, ജോൺ പുതിശ്ശേരിൽ, ഡോ. മാത്യു തിരുനെല്ലിപ്പറമ്പിൽ, ബിനു പൂത്തുറയിൽ എന്നിവരെ പ്രത്യേകം ആദരിച്ചു. ക്നാനായ സമുദായത്തിന്റെ തനതായ സ്നേഹവിരുന്നോടെ ഉദ്ഘാടന ചടങ്ങുകൾ അവസാനിച്ചു. അഞ്ഞൂറോളം ആളുകൾ വെഞ്ചരിപ്പ് കർമ്മത്തിലും ഉദ്ഘാടനചടങ്ങിലും സംബന്ധിച്ചു.

ചിക്കാഗോ കെ.സി.എസ് യുവജനോത്സവം
സാന്ദ്രാ കലാതിലകം ആൻഡ്രൂ കലാപ്രതിഭ

ചിക്കാഗോ: ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റി ഒരുക്കിയ ഈ വർഷത്തെ കെ. സി.എസ് യുവജനോത്സവം പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. സെപ്റ്റംബർ 23-ാം തീയതി ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ വച്ച് നടത്തപ്പെട്ട യുവജനോത്സവം കഴിഞ്ഞവർഷത്തെ കലാപ്രതിഭയായ റ്റോബി കൈതക്കത്തൊട്ടിയിൽ, കലാതിലകം ആയ അനുഷ കുന്നത്ത് കിഴക്കേതിൽ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. കെ.സി എസ്. പ്രസിഡന്റ് ബിനു പൂത്തുറയിൽ അധ്യക്ഷത വഹിച്ചു. കെ. സി. എസ് വെസ് പ്രസിഡന്റ് സാജു കണ്ണംമ്പള്ളി, സെക്രട്ടറി ജോണികുട്ടി പിള്ളവീട്ടിൽ, ട്രഷറർ ഷിബു മുളയാനിക്കുന്നേൽ, കെ. സി. സി. എൻ. എ റീജണൽ വെസ് പ്രസിഡന്റ് ജെയ്മോൻ നന്തികാട്ട്, എന്റർടെയ്ൻമെന്റ് കമ്മറ്റി ചെയർമാൻ ജോബി ഓളിയിൽ, കമ്മറ്റി അംഗങ്ങളായ ഡെന്നി പുല്ലാപ്പള്ളിൽ, സജി മാലിത്തുരുത്തേൽ എന്നിവർ സന്നിഹിതരായിരുന്നു. വിവിധ മത്സര ഇനങ്ങളിൽ ഇരുന്നൂറിൽ അധികം കുട്ടികൾ പങ്കെടുത്തു. സാന്ദ്ര നെല്ലാമറ്റം കലാതിലകവും ആൻഡ്രു തേക്കുംകാട്ടിൽ കലാപ്രതിഭയായും തെരഞ്ഞെടുക്കപ്പെട്ടു. സെറീറ മുളയാനിക്കുന്നേൽ, മാത്യു ഇല്ലിമൂട്ടിൽ എന്നിവരെ റൈസിംഗ് സ്റ്റാർസ് ആയും തെരഞ്ഞെടുത്തു. വിജയികൾക്ക് ഡിസംബർ 30 ന് നടക്കുന്ന ക്രിസ്തുമസ്സ് ന്യൂ ഇയർ ആഘോഷങ്ങളിൽ സമ്മാനങ്ങൾ വിതരണം ചെയ്യും.

യുവജനോത്സവത്തിന് ജോബി ഓളിയിൽ, ഡെന്നി പുല്ലാപ്പള്ളിൽ, സജി മാലിത്തുരുത്തേൽ, ബിനു പൂത്തുറയിൽ, സാജു കണ്ണംമ്പള്ളി, ജോണികുട്ടി പിള്ളവീട്ടിൽ, ഷിബു മുളയാനിക്കുന്നേൽ, ഡിബിൻ വിലങ്ങുകല്ലേൽ എന്നിവർ നേതൃത്വം നൽകി.

ചിക്കാഗോ കെ.സി.എസ്. ക്നാനായ നൈറ്റ് ശ്രദ്ധേയമായി

ചിക്കാഗോ: ക്നാനായ കാത്തലിക് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ക്നാനായ നൈറ്റ് നവംബർ 11-ാം തീയതി ശനിയാഴ്ച വൈകുന്നേരം 6 മണിക്ക് താഫ്റ്റ് ഹൈസ്ക്കൂളിൽവച്ച് നടത്തപ്പെട്ടു. പ്രസിഡന്റ് ബിനു പൂത്തുറയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കെ.സി.സി.എൻ.എ. പ്രസിഡന്റ് ബേബി മണക്കുന്നേൽ ഉദ്ഘാടനം ചെയ്തു. കെ.സി.എസ്. സ്പിരിച്വൽ ഡയറക്ടർ റവ. ഫാ. എബ്രഹാം മുത്തോലത്ത്, അസിസ്റ്റന്റ് വികാരി റവ. ഫാ. ബോബൻവട്ടംപുറത്ത്, കെ.സി.സി.എൻ.എ. വൈസ് പ്രസിഡന്റ് മേയമ്മ വെട്ടിക്കാട്ട് എന്നിവർ സംസാരിച്ചു. സാജു കണ്ണമ്പള്ളി സ്വാഗതവും, ഷിബു മുളയാനിക്കുന്നേൽ നന്ദിയും പറഞ്ഞു. ജോണിക്കുട്ടി പിള്ളവീട്ടിലും, ഡിബിൻ വിലങ്ങുകല്ലേലും സമ്മേളനത്തിന്റെ എം.സി.മാരായിരുന്നു. രാജു നെടിയകാലായിൽ, സാജൻ പച്ചിലമാക്കിൽ, അജോമോൻ പൂത്തുറ, ജിജി നെല്ലാമറ്റം, രാജൻ പടവത്തിൽ, ജയ്മോൻ നന്ദികാട്ട്, ജോസ് സൈൺ മുണ്ടപ്ലാക്കിൽ, നീൽ എടാട്ട്, റവ. ഫാ. ടോമി വട്ടുകുളം, ജോബി ഓളിയിൽ, ഡെന്നി പുല്ലാപ്പള്ളിൽ, സമയ തേക്കുംകാട്ടിൽ, മാത്യു പുളിക്കത്തൊട്ടിയിൽ, മാത്യു വാക്കേൽ എന്നിവർ സന്നിഹിതരായിരുന്നു. വൈവിധ്യമാർന്ന കലാപരിപാടികൾക്ക് കോർഡിനേറ്റഴ്സായി ജോബി ഓളിയിൽ, ഡെന്നി പുല്ലാപ്പള്ളിൽ എന്നിവർ നേതൃത്വം നൽകി. കലാതിലകം സാന്ദ്രാ നെല്ലാമറ്റം, കലാപ്രതിഭ ആൻഡ്രൂ തേക്കുംകാട്ടിൽ, റൈസിംഗ് സ്റ്റാർസ് സെറീനാ മുളയാനിക്കുന്നേൽ, മാത്യു ഇല്ലിമൂട്ടിൽ എന്നിവർ പുരസ്ക്കാരങ്ങൾ ഏറ്റുവാങ്ങി. കെ.സി.എസ്. ഒളിമ്പിക്സിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ കരസ്ഥമാക്കിയ ഫൊറോനകൾക്കുള്ള ട്രോഫികൾ നൽകുകയുണ്ടായി. തുടർന്ന് കെ.സി.എസ്. ഡെസ്പ്ലെയിൻസിൽ വാങ്ങിക്കുന്ന ക്നാനായ സെന്ററിന്റെയും, 2018 ൽ അറ്റ്ലാന്റയിൽ വച്ച് നടത്തപ്പെടുന്ന കെ.സി.സി.എൻ.എ. കൺവൻഷന്റെയും കിക്കോഫ് നടത്തപ്പെട്ടു. കെ.സി.എസിന്റെ ചാരിറ്റിവിഭാഗമായ ഡോളർ ഫോർ ക്നായുടെ സംഭാവന കെ.സി.എസ്. പ്രസിഡന്റ് ബിനു പൂത്തുറ ഡോളർ ഫോർ ക്നായുടെ കോർഡിനേറ്ററായ ജോസ് കണിയാലിക്ക് കൈമാറുകയുണ്ടായി. തുടർന്ന് വിവിധ പോഷകസംഘടനകളുടെ കലാപരിപാടികൾ ക്നാനായ നൈറ്റിന് കൊഴുപ്പേകി.

ചിക്കാഗോ ക്നാനായ സെന്റർ ഇനി നമുക്ക് സ്വന്തം

ചിക്കാഗോ: ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റി വളരെ വർഷത്തെ പരിശ്രമങ്ങളുടെ ഫലമായി പുതിയൊരു ക്നാനായ സെന്റർ കൂടി വാങ്ങിച്ചു. ചിക്കാഗോയിൽ ക്നാനായക്കാർ ഏറ്റവും കൂടുതൽ തിങ്ങിപ്പാർക്കുന്ന ഡെസ്പ്ലെയിൻസിലാണ് ഇരുപത്തയ്യായിരം സ്ക്വയർഫീറ്റുള്ള പുതിയ ക്നാനായ സെന്റർ. നവംബർ 15-ാം തീയതി നടന്ന ക്ലോസിംങ്ങിൽ ക്നാനായ റീജിയണൽ ഡയറക്ടർ റവ. ഫാ. തോമസ് മുളവനാലും കെ.സി.എസ് എക്സിക്യൂട്ടീവ് അംഗങ്ങളും, സേർച്ച് കമ്മറ്റി അംഗങ്ങളും, കെ.സി.എസ് ബിൽഡിംഗ് ബോർഡ് അംഗങ്ങളും പങ്കെടുത്തു. കഴിഞ്ഞ ഒരു മാസമായി കെ.സി.എസ് എക്സിക്യൂട്ടീവിന്റെയും കമ്മറ്റി അംഗങ്ങളുടേയും വിശ്രമമില്ലാത്ത പരിശ്രമമാണ് ഈ സെന്റർ യാഥാർത്ഥ്യത്തിൽ എത്തിച്ചത്. വിശ്രമമില്ലാതെ പരിശ്രമിച്ച കെ.സി.എസ് നേതൃത്വത്തോട് ക്നാനായ സമുദായം കാണിച്ച സഹകരണമാണ് ഈ സംരംഭത്തെ മുന്നോട്ട് നയിച്ചതെന്ന് പ്രസിഡന്റ് ബിനു പൂത്തുറയിൽ അഭിപ്രായപ്പെട്ടു. ദൈവം അനുവദിച്ച സ്ഥലത്ത് സമയത്ത് യാതൊരു എതിരഭിപ്രായവും ഇല്ലാതെ ഈ സംരംഭവുമായി മുന്നോട്ടു പോകുവാൻ കഴിഞ്ഞതാണ് ഈ സംരംഭത്തെ പൂവണിയിച്ചത് എന്ന് വൈസ് പ്രസിഡന്റ് സാജു കണ്ണംമ്പള്ളി അറിയിച്ചു. ഉണരണം കെ.സി.എസ് നിറയണം മനസ്സുകളിൽ എന്ന ആപ്തവാക്യവുമായി അധികാരം ഏറ്റെടുത്ത ഈ ഭരണസമിതി, വെറും പതിനൊന്ന് മാസങ്ങൾകൊണ്ട് ചിക്കാഗോയിലെ ക്നാനായ മക്കൾക്ക് നൽകിയ വാക്കുപാലിക്കാൻ സാധിച്ചതിൽ വളരെയധികം സന്തുഷ്ടരാണെന്ന് സെക്രട്ടറി ജോണിപിള്ളവീട്ടിൽ അറിയിച്ചു. ഏത് പദ്ധതിക്കും അകമഴിഞ്ഞ് സഹകരിക്കുന്ന ചിക്കാഗോയിലെ ക്നാനായ സമുദായസ്നേഹികളാണ് ഈ പദ്ധതിക്ക് പ്രചോദനമെന്ന് കമ്മറ്റി ചെയർമാൻ സിറിയക് കൂവക്കാട്ടിൽ അറിയിച്ചു. ഈ പദ്ധതിയ്ക്ക് താങ്ങും തണലുമായി പ്രവർത്തിച്ച എല്ലാവർക്കും ക്നാനായ സെന്റർ കമ്മറ്റിക്കുവേണ്ടി ഷിബു മുളയാനിക്കുന്നേൽ, ഡിബിൻ വിലങ്ങുകല്ലേൽ എന്നിവർ നന്ദി അറിയിച്ചു.

കെ.സി.എസിന് പുതിയ വാർഡ് പ്രതിനിധികൾ

മാറ്റ് വിലങ്ങാട്ടുശ്ശേരിൽ

സജി പണയപ്പറമ്പിൽ



അലക്സ് പടിക്കപ്പറമ്പിൽ

മനീവ് ചിറ്റിലക്കാട്ട്



ജോയി തേനാകളപ്പുരയിൽ

ജോസ് ആനമലയിൽ

ലിൻസൺ കൈതമലയിൽ

ജോർജ്ജുകുട്ടി പുല്ലാപ്പള്ളിൽ

ബാബു തൈപ്പറമ്പിൽ

ഫിലിപ്പ് പുത്തൻപുരയിൽ

സൈമൺ കടപ്പുറം

ആനന്ദ് ആകശാല



ഷിജു പുലിമലയിൽ

കെ. സി. എസിന്റെ പുതുക്കിയ നിയമാവലി അനുസരിച്ച് എട്ട് വാർഡുകളിലേക്കും ലെയ്സൺ ബോർഡിലേക്കുമുള്ള പുതിയ അംഗങ്ങളെ ഐക്യകണ്ഠേന തിരഞ്ഞെടുത്തു. മാറ്റ് വിലങ്ങാട്ടുശ്ശേരിൽ (വാർഡ് - 1) സജി പണയപ്പറമ്പിൽ (വാർഡ് - 2), അലക്സ് പടിക്കപ്പറമ്പിൽ (വാർഡ് - 3), മനീവ് ചിറ്റിലക്കാട്ട് (വാർഡ് - 4) ജോയി തേനാകളപ്പുരയിൽ (വാർഡ് - 5), ജോസ് ആനമലയിൽ (വാർഡ് - 6), ലിൻസൺ കൈതമലയിൽ (വാർഡ് - 7), ജോർജ്ജുകുട്ടി പുല്ലാപ്പള്ളിൽ (വാർഡ് - 8) എന്നിവരാണ് പുതിയ വാർഡ് പ്രതിനിധികൾ.

ലെയ്സൺ ബോർഡ് ചെയർമാനായി ബാബു തൈപ്പറമ്പിലും, വൈസ് ചെയർമാനായി ഫിലിപ്പ് പുത്തൻപുരയിലും ബോർഡ് മെമ്പേഴ്സായി സൈമൺ കടപ്പുറം, ആനന്ദ് ആകശാല, ഷാജു പുലിമലയിൽ എന്നിവരെ തെരഞ്ഞെടുത്തു.

ആദരാഞ്ജലികൾ... ആദരാഞ്ജലികൾ... ആദരാഞ്ജലികൾ...

Achamma Vettikattil

Alicekutty Valathattu

Anitha Chandrappillil

Annamma Padickaparambil

Annamma Peter Vettukallel

Annie Kollapallil

Mariam Aikkaraparambil



Mathai Vallomkunnel

HEATING & AIR CONDITIONING

Honest Reliable Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT

Services at Reasonable Rates
847-924-4277
LIFETIME COMFORT. INC

Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers

24 Hour Emergency Service

Honest • Reliable
Licensed • Insured • Bonded

Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com

We Offer FREE Second Opinion

MARATHON Golf & Mt. Prospect
10 W. Golf Rd.
Des Plaines, IL 60016
Phone: (847) 635-7335

Full Service Oil Change Special
$19.99 Most Cars. Plus Tax & Supplies
Includes Oil & Filter Change, Up to 5 Quarts Standard Oil, Standard In Stock. Top Off Under Hood Fluids, Check & Adjust Tire Pressure, Perform 99 Point Safety Inspection
Restrictions apply see store for details. Must present coupon prior to service. Coupon may not be combined with any other offer.

Four Wheel Alignment Special
$49.99 Most Cars. Plus Tax & Supplies
With coupon only. Some restrictions apply. See store for details. Coupon must be presented prior to service being performed

All Parts and Labor Covered by a One Year 12,000 Mile Warranty

Old or New, Domestic or Import, we are your dealership alternative for all your vehicle needs!

CAR CARE SPECIALS

Sams Electrical Service
Residential & Commercial Licensed- Insured Contractor
24 hours Emergency Serivice
E-mail:sanuputhumayil@gmail.com
Sanu Joseph
Tel: (847) 804-4193

ACHIEVE REAL ESTATE GROUP, INC.
FOR ALL YOUR REAL ESTATE NEEDS PLEASE CALL ...
THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056
EMAIL : thomasrealtor557@gmail.com
PLEASE VISIT : www.achieverealtors.com

Sanju Mathew
Mortgage Broker
Cell: 773-599-1816
sanjumathewp@gmail.com

LMS
LINCOLNWOOD MORTGAGE SERVICES INC.
832 E. Rand Rd., Unit 16
Mount Prospect, IL 60056
Office: 847-674-1600
Fax: 847-674-1608
www.lincmort.com
mail@lincmort.com
Hours of Operation
Mon-Fri 9am to 5pm
Sat & Sun by Appointment
Illinois Residential Mortgage Licensee
NMLS (O): 174133 | NMLS (P): 1182672

KCS

KNANAYA CATHOLIC SOCIETY OF CHICAGO
5110 N. Elston Ave., Chicago, IL 60630

Jaibu Mathew E.A.
Enrolled to Practice Before IRS
7215 W. Touhy, Suite 5, Chicago, IL 60631
Office: 774-792-2117,312-718-6337 Cell
Fax: 773-792-2118, jaibu6@aol.com
* Free Electronic Filing
* Refund in 24 Hours

Joseph Dental Clinic
611 Milwaukee Ave, Suite 175, Glenview, Il- 60025
Ph: 847 730 3926, Emergency : 773 718 1882
Dr. Mathew Joseph, DDS
(Northwestern Graduate)
New & Convenient Location
Complete Dental Care- Braces
All Insurance Welcome
24 Hour Emergency Service
Discount Available
Affordable Payment Plan

THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
BEST WISHES FROM NEDIYAKALAYIL FAMILY
We Fuel Your Growth
MARATHON VALERO CITGO
www.gasdepot.com

For all your Personal and Business Tax Service

Tomy Nellamattam
619 N MILWAUKEE AVE
SUTE #25
Glenview:IL 60025
Office: 847 486 4112
Cell: 847 302 8556
Fax: 847 724 3247

You Invite the Guests. We Do the Rest
Malabar
Catering & Carryout

WILLIAM GEORGE
911 GREENWOOD ROAD
GLENVIEW,
IL 60025
TEL:847-998-5635
CELL:773-842-5179
E-mail:malabareat@yahoo.com
PROFESSIONALS WITH 13 YEAR EXPERIENCE IN CATERING

St.Marys Petroleum Inc.
960 Rand Rd. Suite 208, Des Plaines, IL 60016
Phone: 847 813 5665, Fax: 847 813 5673
Accelerate Your Journey To Success
bp CITGO Mobil CLARK
For Branding Your Gasoline stations
Cyriac Koovakattil 630 673 3382

BUYING OR SELLING YOUR HOME?

Jimmy Vachachira, Esq.
Managing Partner
YOU NEED:
Real Estate Closing Attorney
Our Firm has closed over 4,000 transactions, including short sales.
Call Attorney Jimmy at (630) 854-9889
ABRAHAM & SWEENEY
5600 N River Rd., Suite 800
Rosemont, IL 60018
Cell: 630-854-9889
Email: jvacha@abrahamsweeney.com
Website: www.abrahamsweeney.com

ROYAL TRAVEL SERVICE
5428 Main St., Skokie, IL 60077, Tel: (773) 509-9600 Cell: 773-456-4564
E-mail:joseroyaltravel@gmail.com
Kuwait Airways * Air India
* Malaysian, Swiss Air,
British Airways, Lufthansa
Air France, KLM, Singapore Air,
Etihad Airways Etc.
YOUR KNANAYA TRAVEL AGENCY
Conact:
JOSE KORATTIYIL,
JAY KALAYIL

Auto
Home, Life
Commercial
Insurance & fianancial Services*
Right coverage at right price. Let us get together and talk about your insurance and financial services' needs.
* Rollovers* * Variable Annuities* * Variable Universal Life Insurance* * Mutual Funds* * 529 College Savings Plans* * IRAs* * Retirement Plans* * 401(k) Plans*
Securities offered through Farmers Financial Solutions, LLC Member FINRA & SIPC
8432 N. Waukegan Rd, Morton Grove, IL 60053
Fax: 847-966-7992
Tel: 847-966-7990
Job Joseph (Job Makil)
Insurance and Financial Services Agent
FARMERS

Family Dental Practice
Wisdom Teeth Extraction, Dental Implant, Osseous Surgery (Gum Surgery)
Cosmetic Dentistry, Root Canal, Bridges, Crowns, Cleaning, Whitening
Dr. Susan Edukutharayil B.D.S., D.D.S
9709 N MIL WAUKEE AVE, GLENVIEW, IL 60025
Phone: 847 581 1418 Fax: 847 581 1445
Most Insurance accepted
Free Consultation,
Emergencies promptly treated